File Ref.No.68122/EQ & MG ASST-1/2016/Admn

# UNIVERSITY OF CALICUT

**Abstract**

കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തുന്ന എല്ലാ ബിരുദങ്ങൾക്കും അംഗീകാരവും സമാന ബിരുദങ്ങൾക്ക തുല്യതയും അനുവദിക്കാനുള്ള അക്കാഡമിക് കൗൺസിലിന്റെ തീരുമാനം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**Equivalency and Migration**

U.O.No. 9795/2022/Admn

Dated, Calicut University.P.O, 10.05.2022

---

*Read:*-1. കണ്ണൂർ സർവകലാശാല രജിസ്ട്രാർ സമർപ്പിച്ച 24.12.2021 തീയതിയിലെ നമ്പർ.ACAD.G1/26302/2019 കത്ത്.

2. 22.03.2022 തീയതിയിലെ ഇതേ ഫയലിലെ വൈസ് ചാൻസിലറുടെ ഉത്തരവ്.

3. 30.03.2022 തീയതിയിൽ നടന്ന അക്കാഡമിക് കൗൺസിലിന്റെ LXXXIII മീറ്റിംഗിലെ ഇനം നമ്പർ I.31.

4. 07.05.2022 തീയതിയിലെ ഇതേ ഫയലിലെ വൈസ് ചാൻസിലറുടെ ഉത്തരവ്.

**ORDER**

മേൽ പരാമർശം (1) പ്രകാരം, കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തുന്ന എല്ലാ ബിരുദങ്ങൾക്കും, കാലിക്കറ്റ് സർവകലാശാല അംഗീകാരവും സമാന ബിരുദങ്ങൾക്ക തുല്യതയും അനുവദിച്ച തുടർ പഠനം സാധ്യമാക്കണമെന്നു കണ്ണൂർ സർവകലാശാല രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

പരാമർശം (2) പ്രകാരം, കണ്ണൂർ സർവകലാശാല വിദൂര പഠനത്തിലൂടെ നടത്തുന്ന ബിരുദങ്ങൾക്ക തുടർ പഠനത്തിനായി അംഗീകാരം/തുല്യത നൽകാമോ എന്നതു അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ വൈസ് ചാൻസിലർ ഉത്തരവ് നൽകുകയുണ്ടായി.

പരാമർശം (3) പ്രകാരം, ടി വിഷയം പരിശോധിച്ച അക്കാഡമിക് കൗൺസിൽ, കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തുന്ന എല്ലാ ബിരുദങ്ങൾക്കും കാലിക്കറ്റ് സർവകലാശാലയുടെ അംഗീകാരവും സമാന ബിരുദങ്ങൾക്ക തുല്യതയും അനുവദിക്കാൻ തീരുമാനിച്ചു.

കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തുന്ന എല്ലാ ബിരുദങ്ങൾക്കും കാലിക്കറ്റ് സർവകലാശാലയുടെ അംഗീകാരവും സമാന ബിരുദങ്ങൾക്ക തുല്യതയും അനുവദിച്ച അക്കാഡമിക് കൗൺസിലിന്റെ തീരുമാനം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് .

തദനുസ്സരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Vijesh T.K

Assistant Registrar

To

വി സിയുടെ പി എസ്/പി വി സിയുടെ പി എ/രജിസ്ട്രാറുടെ പി എ/സി ഇയുടെ പി എ/ജെ ആർ, ജി എ-IV/ ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയം/സുവേഗ/ഡിജിറ്റൽ വിങ് .

പകർപ്പ് : രജിസ്ട്രാർ, കണ്ണൂർ സർവകലാശാല, രജിസ്ട്രാർ കേരള, എം ജി, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലകൾ.

Forwarded / By Order

Section Officer